**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 18.07.2016-ൽ |
| ചോദ്യം നമ്പർ - 2060 | മറുപടിയ്ക്ക് |

## എറണാകുളം ജില്ലയിലെ മലയോര ഹൈവേ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആന്റണി ജോൺ | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) മലയോര ഹൈവേയുടെ ഭാഗമായ എറണാകുളം ജില്ലയിലെ ആറാം മൈൽ മുതൽ മാമലക്കണ്ടം വഴി എളമ്പ്ലാശ്ശേരി വരെയുള്ള റോഡിന്റെ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) നിർദ്ദിഷ്ട റോഡ് പണി തടസ്സപ്പെടുവാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ; | (ബി) വനം വകുപ്പ് നിർദ്ദിഷ്ട പ്രവൃത്തി തടഞ്ഞതിനാലാണ് പണി തടസ്സപ്പെട്ടത്. |
| (സി) മുടങ്ങിക്കിടക്കുന്ന പ്രസ്തുത റോഡിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിനു വേണ്ട സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) പ്രസ്തുത പാതയുടെ മൂന്നാർ ഡിവിഷന്റെ പരിധിയിൽ വരുന്ന ഭാഗം കസ്തൂരി രംഗൻ റിപ്പോർട്ടിലെ പരിസ്ഥിതി ലോല മേഖലകളിൽ കൂടിയാണ് കടന്നു പോകുന്നത്. മാത്രമല്ല, നേര്യമംഗലം റെയിഞ്ചിന്റെ പരിധിയിൽ വരുന്ന തലക്കോട് - നേര്യമംഗലം - ആറാംമൈൽ - ഇളംബ്ലാശ്ശേരി - ആവറുകുടി ഭാഗവും അടിമാലി റെയിഞ്ചിന് കീഴിൽ വരുന്ന ആവറുകുടി - കുറത്തിക്കുടി - പെരുമ്പൻകുത്ത് ഭാഗവും 1980-ലെ വന സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്. ആയതിനാൽ, കസ്തൂരിരംഗൻ റിപ്പോർട്ടിൽ ഉൾപ്പെടുന്ന പരിസ്ഥിതി ലോല മേഖലകളും, 1980-ലെ വനസംരക്ഷണ നിയമത്തിന്റെ കീഴിൽ വരുന്ന മേഖലകളും ഒഴിവാക്കി, പരിസ്ഥിതി നിയമങ്ങൾ പാലിച്ച് മാത്രമേ മലയോര ഹൈവേയുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ തുടരാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ